693/E1/2020/IKM

ഇൻഫർമേഷൻ കേരള മിഷൻ
റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003
ഫോൺ: 0471-2315833, 2312230

# സർക്കുലർ

നമ്പർ. 286/ഇ1/2020/ഐ.കെ.എം. 30.06.2020

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ- ജീവനക്കാര്യം - അസസ്സമെൻറ് നടത്തി അടുത്ത ഉയർന്ന ഗ്രേഡ് നല്കുന്നതിനായി അർഹതപ്പെട്ട ജീവനക്കാർ Performance Appraisal form സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-1) 31.08.2017 ലെ GO (MS) No. 176/2017/LSGD ഉത്തരവ്
2) 02.03.2020 ലെ നം.693/ഇ.ഡി/2020/ഐ കെ എം ഉത്തരവ്

സൂചന 1 ലെ സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഐ.കെ.എം.ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പുനഃക്രമീകരണം എന്നിവ നടപ്പിലാക്കി ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള റിപ്പോർട്ടിലെ ഖണ്ഡിക- 6.2, 6.3 എന്നിവ പ്രകാരം ജീവനക്കാർക്ക് അടുത്ത ഉയർന്ന ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി സ്ക്രീനിംഗ് കമ്മിറ്റി, അസസ്സ്മെൻറ് കമ്മിറ്റി എന്നിവ രൂപീകരിച്ച്, കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് അടുത്ത ഗ്രേഡ് നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു. സൂചന 2 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം സ്ക്രീനിംഗ് കമ്മിറ്റി, അസസ്സ്മെൻറ് കമ്മിറ്റി എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

01/09/2017 മുതൽ 31/03/2020 വരെയുള്ള നിർദ്ദിഷ്ട കാലയളവിൽ സേവനം പൂർത്തീകരിച്ച അർഹതപ്പെട്ട ടെക്നിക്കൽ, നോൺ-ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അടുത്ത ഉയർന്ന ഗ്രേഡ് നല്കുന്നതിനായുള്ള അസ്സസ്സ്മെൻറ് നടത്തുന്നതിനായി ബന്ധപ്പെട്ട പെർഫോർമൻസ് അപ്രയിസൽ പ്രൊഫോർമയിൽ (ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ യഥാവിധം പൂരിപ്പിച്ച് ബന്ധപ്പെട്ട ടീം ലീഡർമാരുടെ ശുപാർശയോടു കൂടി ...8/7/20ന്... മുൻപ് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വിഭാഗം | ശുപാർശ ചെയ്യേണ്ട ഉദ്യോഗസ്ഥർ |
|---|---|---|
| 1. | Human Resources – Establishment | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ |
| 2. | Human Resources – Procurement | പർച്ചേസ് ഓഫീസർ, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ |
| 3. | Human Resources – Finance Division | ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ |
| 4. | Research and Development – Research, Software Development, Testing | ബന്ധപ്പെട്ട പ്രോജക്ട് മാനേജർമാർ, ടീം ലീഡർമാർ, ഡെപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ ,കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ |

| | | |
|---|---|---|
| | and Quality control, Remote sensing and GIS | |
| 5. | Operation and Maintenance- Technical Support and Facility Management and Service, IT and Web management, Capacity Building, help Desk | ബന്ധപ്പെട്ട പ്രോജക്ട് മാനേജർമാർ, ടീം ലീഡർമാർ, ഡപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ ,കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ |

ഫീൽഡ് ജീവനക്കാർ ബന്ധപ്പെട്ട ജില്ലാ ടെക്നിക്കൽ ഓഫീസറുടെ ശുപാർശയോട്ടു കൂടിയും, ജില്ലാ ടെക്നിക്കൽ ഓഫീസർമാർ, ജില്ലാ കോർഡിനേറ്റർമാർ എന്നിവർ ഡപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ടെ ശുപാർശയോട് കൂടിയും പെർഫോർമൻസ് അപ്രയിസൽ ഫോം ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ ഈ വര്ഷം പരിഗണിക്കുന്നതല്ല.

**ഡോ. ചിത്ര എസ് ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ജീവനക്കാർക്കും
എല്ലാ ടീം ലീഡർമാർക്കും
ഡപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ / കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻറെ സി എ
ഫയൽ കോപ്പി